6	ചെറുപയർ
7	വൻകടല
8	ഉഴുന്ന്
9	വൻപയർ
10	തുവരപരിപ്പ്
11	മുളക്
12	മല്ലി
13	വെളിച്ചെണ്ണ

കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ

89(2077) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ് പുതുതായി എന്തൊക്കെ സ്ഥാപനങ്ങൾ തുടങ്ങി ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എത്ര ജീവനക്കാരെ ഈ പുതിയ സ്ഥാപനങ്ങളിൽ നിയമിച്ചു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിൽ ഇതുവരെ എത്ര സ്ഥാപനങ്ങൾ പൂട്ടി ; എത്ര ജീവനക്കാരെ പിരിച്ചുവിട്ടു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ് ; സർക്കാരിൽനിന്നും എത്ര തുക ലഭിക്കാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 സോണൽ ഓഫീസുകൾ, 4 റീജിയണൽ ആഫീസുകൾ, 1 ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, 1 ശ്രുശ്രൂഷ

LIBRARY ARCHIVES Kerala Legislative Assembly

ഹൈടെക് ക്ലിനിക്കൽ ലാബ് എന്നീ സ്ഥാപനങ്ങൾ കൺസ്യൂമർ ഫെഡറേഷൻ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ബി) 150 പേരെ ഈ പുതിയ സ്ഥാപങ്ങളിൽ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

സ്ഥാപനം	നിയമന രീതി		ആകെ
	കോൺട്രാക്ട്	ദിവസവേതനം	
സോണൽ ആഫീസ്, ആലപ്പുഴ	6	10	16
സോണൽ ആഫീസ്, തൃശ്ശൂർ	1	9	10
സോണൽ ആഫീസ്, കണ്ണൂർ	...	8	8
റീജിയണൽആഫീസ്, പത്തനംതിട്ട	2	20	22
റീജിയണൽആഫീസ്, കോട്ടയം	3	15	18
റീജിയണൽ ആഫീസ്, തൃശ്ശൂർ	3	16	19
റീജിയണൽ ആഫീസ്, പാലക്കാട്	1	15	16
ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി	1	27	28
ശ്രുശ്രൂഷ ക്ലിനിക്കൽ ലാബ്, കായംകുളം	...	13	13

(സി) 3 സോണൽ ആഫീസുകൾ പൂട്ടി. ജീവനക്കാരെ പിരിച്ചുവിട്ടിട്ടില്ല. പൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും പിരിച്ചുവിടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ നിലവിലുള്ള കടബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

നമ്പർ		കോടിയിൽ
1	ബാങ്ക് വായ്പ	415.58
2	സർക്കാർ/എൻ.സി.ഡി.സി. വായ്പ	84.90
3	പ്രൈമറി സംഘങ്ങൾക്ക് നൽകുവാനുള്ള സ്ഥിരനിക്ഷേപം	141.65
4	സർക്കാർ വായ്പയ്ക്ക് നൽകാനുള്ള പലിശ	28.44
5	ബാങ്ക് വായ്പകൾക്ക് നൽകാനുള്ള പലിശ	26.74
6	പ്രൈമറി സംഘങ്ങൾക്ക് നൽകുവാനുള്ള സ്ഥിരനിക്ഷേപത്തിന്റെ പലിശ	17.34
7	വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക നീതി	
	തിരുവേണി	287.70
	നോട്ട്ബുക്ക്	69.06
		1.23
	ആകെ	1072.64

കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയ വകയിൽ സർക്കാരിൽനിന്നും 409.54 കോടി രൂപ നൽകാനുണ്ട്.

കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ

90(2078) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിൽ നടത്തിയ ക്രമക്കേടുകളെ തുടർന്ന് കൊല്ലം ജില്ലയിൽ സസ്പെൻഷന് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly